# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5389 — 18.11.2019 ൽ മറുപടിക്ക്

**നൃൂഡൽഹി കേരളാ ഹൗസിലെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. കെ. ശശീന്ദ്രൻ | | പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലത്ത് ന്യൂഡൽഹി കേരളാ ഹൗസിൽ സ്ഥിരനിയമനം ലഭിച്ച ജീവനക്കാരിൽ എത്ര പേർ അവരുടെ നിയമന സമയത്ത് സമർപ്പിച്ച വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ കൃത്രിമമായി നേടിയതാണെന്ന് സർക്കാരിന്റെ അന്വേഷണത്തിൽ തെളിവ് ലഭിച്ചിട്ടുണ്ട്; എങ്കിൽ പ്രസ്തുത ജീവനക്കാർ ഇപ്പോൾ ജോലിയിൽ തുടരുന്നുണ്ടോയെന്ന് വെളിപ്പെടുത്താമോ; | (എ) | കേരളാ ഹൗസിലെ നാല്യ ജീവനക്കാരുടെ സർട്ടിഫിക്കറ്റുകൾ കൃത്രിമമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇവർ ജോലിയിൽ തുടരുന്നില്ല. |
| (ബി) | ഇത്തരത്തിൽ സർട്ടിഫിക്കറ്റുകൾ കൃത്രിമമായി നിർമ്മിച്ച ജീവനക്കാർക്കെതിരെ ക്രിമിനൽ കേസുകൾ നിലവിലുണ്ടോ; എങ്കിൽ ഏതെല്ലാം പോലീസ് സ്റ്റേഷനുകളിലാണ് പ്രസ്തുത കേസുകൾ നിലവിലുള്ളതെന്ന് അറിയിക്കുമോ; | (ബി) | രണ്ടു പേർക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുന്നതിനായി ന്യൂഡൽഹിയിലെ കൊണാട്ട്പ്ലേസ് പോലീസ് സ്റ്റേഷനിൽ പരാതി നൽകിയിട്ടുണ്ട്. |
| (സി) | മുൻ സർക്കാരിന്റെ കാലത്ത് ന്യൂഡൽഹി കേരള ഹൗസിൽ ജോലിക്കയറ്റം നേടുന്നതിനു വേണ്ടി എത്ര പേർ വ്യാജ സർട്ടിഫിക്കറ്റുകൾ സമർപ്പിച്ചതായി സർക്കാരിന്റെ പരിശോധനയിൽ തെളിവ് ലഭിച്ചിട്ടുണ്ട്; എങ്കിൽ പ്രസ്തുത ജീവനക്കാർ ഇപ്പോൾ ജോലിയിൽ തുടരുന്നുണ്ടോ; പ്രസ്തുത ജീവനക്കാർക്കെതിരെ സ്വീകരിച്ച ശിക്ഷണ നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ; | (സി) | മൂന്നു പേർ വ്യാജ സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടുള്ളതായി പരിശോധനയിൽ തെളിവ് ലഭിച്ചിട്ടുണ്ട്. ഇവരിൽ ഒരാൾ സർവ്വീസിൽ നിന്ന് വിരമിച്ചിട്ടുണ്ട്. രണ്ടു പേർ ജോലിയിൽ തുടരുന്നു. മൂന്നു പേരുടെയും രണ്ടു വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിത പ്രാബല്യത്തോടെ തടഞ്ഞിട്ടുണ്ട്. |
| (ഡി) | ജോലിക്കയറ്റത്തിനു വേണ്ടി വ്യാജ സർട്ടിഫിക്കറ്റുകൾ സമർപ്പിച്ചു എന്ന് പരിശോധനയിൽ തെളിയുകയും ആയതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് കേസ് നേരിടുകയും ചെയ്യുന്ന ജീവനക്കാരിൽ ആർക്കെങ്കിലും നിലവിൽ ജോലി ചെയ്യുന്ന തസ്തികയിൽ നിന്നും ഉയർന്ന തസ്തികയിലേക്ക് ജോലി പുനഃക്രമീകരിച്ചു നൽകിയിട്ടുണ്ടോ; എങ്കിൽ ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് നൽകിയതെന്ന് വ്യക്തമാക്കാമോ; | (ഡി) | കേരളഹൗസ് കൺട്രോളറുടെ 15.03.2019 ലെ പ്രൊസീഡിംഗ്സ് നമ്പർ 178/സി1/19/കെ.എച്ച് പ്രകാരം ബെയററായ ശ്രീ. ശശിധരൻ സി.യ്ക്ക് സ്റ്റോർ കീപ്പർ തസ്തികയുടെ അഡീഷണൽ ചാർജ് നൽകിയിട്ടുണ്ട്. |

(ഇ) ഇത്തരത്തിൽ ജോലി പുനഃക്രമീകരിച്ച നൽകിയിട്ടുണ്ടെങ്കിൽ പ്രസ്തുത ആളുകൾക്ക് ഉയർന്ന തസ്തികയിൽ ജോലി ചെയ്യുന്നതിനുള്ള സാമ്പത്തിക ആനുകൂല്യം നൽകിയിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ എത്ര രൂപ നൽകിയിട്ടുണ്ട്; പ്രസ്തുത ഉയർന്ന തസ്തികയിലേക്ക് തൊട്ടു താഴെ ശമ്പള സ്കെയിലുള്ള ജീവനക്കാരിൽ എത്ര പേർ രേഖാമൂലം ജോലിക്കയറ്റത്തിന് വേണ്ടി അപേക്ഷ നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ?

(ഇ) ശ്രീ. ശശിധരൻ സി.യ്ക്ക് സ്റ്റോർ കീപ്പർ തസ്തികയുടെ അഡീഷണൽ ചാർജ് നൽകിയ വകയിൽ സാമ്പത്തിക ആനുകൂല്യം നൽകിയിട്ടില്ല. സ്റ്റോർ കീപ്പർ തസ്തികയിലേക്ക് ജോലി കയറ്റത്തിന് വേണ്ടി അപേക്ഷ നൽകിയിട്ടുള്ള ജീവനക്കാരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | നിലവിലെ ശമ്പള സ്കെയിൽ |
|---|---|---|
| 1. | ശ്രീ. തങ്കപ്പൻ കെ.എം., ടെലഫോൺ ഓപ്പറേറ്റർ | 18000-41500 |
| 2. | ശ്രീ. സപ്രു പി.വി, അറ്റൻഡർ | 17000-37500 |
| 3. | ശ്രീ. ശശിധരൻ. സി, ബെയറർ | 18000-41500 |
| 4. | ശ്രീ. ഷിബു. കെ, ബെയറർ | 17500-39500 |
| 5. | ശ്രീ. വർഗ്ഗീസ് കെ.കെ, സ്റ്റുവേർഡ് | 18000-41500 |

സെക്ഷൻ ഓഫീസർ